# പ്രസിദ്ധിയും പരസ്യവും

എം. എൻ. കാരശ്ശേരി



**പ്രസിദ്ധിയും പരസ്യവും**

**എം. എൻ. കാരശ്ശേരി**

(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

A summer day in a garden, a painting by Hans Hilsøe (1871–1942). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# പ്രസിദ്ധിയും പരസ്യവും

ലോകത്ത് കലഹമുണ്ടാകുന്നത് കനകം, കാമിനി എന്നിവ കൊണ്ടാണെന്ന് കവി പറഞ്ഞുവെച്ചിട്ടുണ്ട്. കലഹകാരണങ്ങളായ ഇവയുടെ കൂട്ടത്തിൽ ഒരിനംകൂടി പെടുത്തേണ്ടതുണ്ട്. ആ സംഗതി 'പ്രസിദ്ധി' യാകുന്നു.

കനകത്തിനും കാമിനിക്കും വേണ്ടി മറ്റെന്തും കയ്യൊഴിക്കാം, അവ കിട്ടുമെങ്കിൽ എന്തു കലഹവുമാകാം എന്നിത്യാദി വിചാരങ്ങളെക്കുറിച്ചോർത്താണല്ലോ ഉലകത്തിലെ കലഹകാരണങ്ങളായി അവയെ വിശേഷിപ്പിച്ചത്.

പ്രസിദ്ധിക്കുവേണ്ടി ആളുകൾ, വിശേഷിച്ച് ഈ നൂറ്റാണ്ടിലെ ജനങ്ങൾ, എന്തും ത്യജിക്കും; കനകവും കാമിനിയും പോലും അവർക്കു പ്രശ്നമായെന്ന് വരില്ല. പ്രസിദ്ധനാകാൻ വേണ്ടി ഏത് വിധത്തിലുള്ള മത്സരത്തിനും അവരൊരുക്കവുമാണ്.

ഇതിനു ഉദാഹരണം തേടി എങ്ങും പോകേണ്ടതില്ല നമ്മുടെ ചുറ്റുമുള്ള അപ്രസിദ്ധരായ സാധാരണക്കാരിൽപോലും ചെറിയ തോതിലെങ്കിലും ഈ പ്രസിദ്ധിദാഹം ഉണ്ട്. "സൽപ്പേര്" കളഞ്ഞുകുളിക്കാൻ ആരും മുതിരുകയില്ല, അതിന്റെ മുമ്പിൽ സുഖഭോഗങ്ങളിൽ മിക്കതും ചെറുതായിത്തോന്നുന്നു. മോഹമില്ലാഞ്ഞിട്ടാണോ, ആളുകൾ കക്കാത്തതും ബലാത്സംഗം ചെയ്യാത്തതും?

ഇപ്പോൾ ഈ കാര്യത്തിൽ ഒരു സദാചാരപ്രശ്നം തലനീട്ടുകയായി: അതെ സൽപ്പേര് നമ്മുടെ സമൂഹത്തിന്റെ ഒരു മൂല്യമാണ്—സത്യം, അഹിംസ തുടങ്ങിയവ പോലെ സദാചാരത്തിന്റെ വേലി പൊളിക്കാൻ ആർക്കും പേടിയില്ല—അത് മൂലം അവനവന്റെ സൽപ്പേരിന്റെ മതിൽ പൊളിയരുതെന്ന ഒറ്റ നോട്ടമേയുള്ളൂ. അങ്ങനെ പറഞ്ഞുവരുമ്പോൾ സമൂഹം ഉപയോഗിക്കുന്ന തട ഈ സൽപ്പേരിന്റേതാണ് എന്നു വന്നുകൂടും.


ഇരിക്കട്ടെ, ഈ സൽപ്പേര് കൊണ്ടും പ്രസിദ്ധി കൊണ്ടും എന്തുണ്ടൊരു കുഴപ്പം?

പ്രസിദ്ധികൊണ്ടും സൽപ്പേര് കൊണ്ടും തരിമ്പും കുഴപ്പമില്ല. പക്ഷേ, ഈ ഇടക്കാലത്ത് ഇക്കൂട്ടത്തിൽ കയറിപ്പറ്റിയ ഒരു കള്ളനാണയത്തെപ്പറ്റിയാണ് ഈ ലേഖനം പരാതിപ്പെടുന്നത്. ആ കള്ളനാണയം 'പരസ്യം' ആകുന്നു.

പ്രസിദ്ധിയും പരസ്യവും ഒന്നല്ല: ഒന്നാകാൻ വയ്യ. പ്രസിദ്ധനാവുക എന്നതിനർത്ഥം പേര് പ്രസിദ്ധപ്പെടുക എന്നു മാത്രമല്ല തന്നെ. സമൂഹത്തിനും സംസ്കാരത്തിനും ഗുണകരമായി വല്ലതും ചെയ്യുമ്പോഴാണ് ഒരാൾ പ്രസിദ്ധനാവുന്നത്. പ്രസിദ്ധനാകാൻ കൊതിക്കുന്ന ആരും അത്തരം വല്ലതും ചെയ്തുവെക്കാൻ ആഗ്രഹിക്കുന്നു; ഒരുങ്ങുകയും ചെയ്യുന്നു. ഇത് പാപമല്ല; നന്മയാണുതാനും. പരസ്യം കൊതിക്കുന്നവനെ ഇതിന്റെ നാലയലത്തെങ്ങും കൊണ്ടുവരരുത്. പണം, സൗഹൃദബന്ധങ്ങൾ, രാഷ്ട്രീയസ്വാധീനം തുടങ്ങിയ 'വിദ്യ'കളിലൂടെ സാഹിത്യസംസ്കാരികമണ്ഡലങ്ങളിൽ കയറിപ്പയറ്റി പേര് പരസ്യപ്പെടുത്തുന്നവർ തങ്ങൾ പ്രസിദ്ധരാണെന്നു കരുതുന്നു. അവരോടൊപ്പം പൊലിഞ്ഞുപോകുന്നതും പൊലിഞ്ഞുപോകേണ്ടതും ആയ ഈ 'പേരി'നെയാണ് ഇവിടെ പരസ്യം എന്നു വിളിച്ചത്.


പ്രസിദ്ധിയും പരസ്യവും തമ്മിലുള്ള വ്യത്യാസവും ഇതാണ്: ഒന്ന് പ്രചണ്ഡമായ മദ്ധ്യാഹ്നസൂര്യനാണെങ്കിൽ മറ്റേത് ഏതോ വഴിപോക്കൻ കത്തിച്ചുകാട്ടിയ ചൂട്ടാകുന്നു.

ഈ പരസ്യപ്രവണതക്കാരെ ദുഷ്കീർത്തിക്കാരെന്നോ, ചീത്തപ്പേരുകാരൊന്നോ വിളിക്കാൻ നിവൃത്തിയില്ല. പ്രസിദ്ധിയിൽ കമ്പമുള്ളവർ എന്ന് ഇവരെ ആക്ഷേപിക്കുന്നതും ശരിയല്ല. ഇവർക്ക് പ്രസിദ്ധിയിൽ അശേഷം താല്പര്യമില്ല! ഇവരുടേത് 'പേരു'മാത്രമാണ് അതിനോടു വിശേഷണം ചേർന്നു നിൽക്കില്ല.



ഗാന്ധിജി

പ്രസിദ്ധിയെ തന്നെ കുപ്രസിദ്ധിയെന്നും സുപ്രസിദ്ധിയെന്നും വകതിരിച്ചിട്ടുണ്ടല്ലോ എന്നു ചോദിക്കാം. പ്രസിദ്ധിക്ക് തീർച്ചയായും അങ്ങനെയൊരു തരം തിരിവ് വേണ്ടിവരും. ശാശ്വതതിന്മയായി ചരിത്രത്തിൽ വിളികൊള്ളുന്ന വ്യക്തികളെ വിശേഷിപ്പിക്കാൻ കുപ്രസിദ്ധനെന്ന വാക്ക് നമുക്ക് ആവശ്യമാണ്. മഹാത്മജിയായി ജീവിക്കുവാൻ ഒരു വ്യക്തി പെടുന്ന പാടുകൾ നന്മയെ എത്രമേൽ ഉദാഹരിക്കുന്നുവോ, അതേ അളവിൽ തിന്മയെ ഉദാഹരിക്കുവാനാണ് ആ പുണ്യാത്മാവിനെപ്പോലും വെടിവെച്ച് കൊല്ലുവാൻ ഒരു വ്യക്തി തോക്കുയർത്തി നിൽക്കുന്നത്. തുല്യപ്രാധാന്യമുള്ള രണ്ട് വിപരീതപ്രതിഭാസങ്ങളാണവയെന്നർത്ഥം.



ഗോദ്സേ

ഇവയെ സംബന്ധിച്ച തീർപ്പ് തികച്ചും വ്യക്തിപരമാണ് അതുകൊണ്ടാണ് ചിലർക്കെങ്കിലും ഗോദ്സേ സുപ്രസിദ്ധനും ഗാന്ധിജി കുപ്രസിദ്ധനുമാകുന്നത്.

ആ കൂട്ടത്തിലെങ്ങും ഈ 'പരസ്യപ്പേരുകാരൻ' പെട്ടുപോകരുതെന്നാണ് ഇവിടത്തെ വാദം. കുപ്രസിദ്ധിയുടെയോ സുപ്രസിദ്ധിയുടെയോ പട്ടികയിൽ പോയിട്ട് പ്രസിദ്ധിയുടെ പട്ടികയിൽപോലും അയാൾ വരില്ലല്ലോ.

ഈ വെറും പേര് ഇത്ര ചീത്തയാകുന്നതെങ്ങനെ?

ഒന്നാമത്തെ കുഴപ്പം പരസ്യം ഒരു ലഹരിയാണ് എന്നതത്രെ. ഏതു തരം ലഹരിയും ചീത്തയാണ് പരസ്യത്തിൽ രമിച്ചു തുടങ്ങിയാൽ പിന്നെ മറ്റൊന്നിനും നേരം കിട്ടിയെന്നു വരില്ല.

രണ്ടാമത് അതൊരു ബാദ്ധ്യതയാണ്. ചില രംഗത്തൊക്കെ ചെന്ന് പേര് പിടിച്ചാൽ പിന്നെ ആ വകയിൽ പെടുന്നതും അതിന്റെ 'അളിയന്റെ വകയിൽ' പെടുന്നതുമൊക്കെ കേറിപ്പിടിച്ചുകളയും. ഊരിപ്പോരാൻ തരപ്പെടുകയുമില്ല.

മേൽപ്പറഞ്ഞപോലെ പണവും മറ്റു അവശ്യവസ്തുക്കളും ഈ 'പരസ്യദേവത'ക്ക് അർപ്പിച്ചു കൈയും കെട്ടി നിൽക്കുന്ന ഒരു പതനത്തിലെത്തിച്ചേരാനും എളുപ്പമുണ്ട്. പ്രസിദ്ധി നേടിയാൽ മറ്റുള്ളവർ നമുക്കു വേണ്ടി ചെലവാക്കിക്കൊള്ളും. പരസ്യം തേടുന്നവനാകട്ടെ എന്നും എപ്പോഴും മറ്റുള്ളവർക്ക് വേണ്ടി ചെലവിടുന്നു.

പരസ്യത്തിൽ കിടന്നു പുളിച്ചുപോയ പേര് ശുദ്ധമാക്കിയെടുക്കുക എളുപ്പമല്ല എന്നതാണ് പ്രധാന കുഴപ്പം. അതെ, പിന്നെ പ്രസിദ്ധനാകാൻ പറ്റില്ല.

പ്രസിദ്ധിക്ക് കോപ്പില്ലാത്തവൻ അതു കൊതിക്കുമ്പോൾ അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന കാനൽ ജലമാണ് പരസ്യം. പ്രസിദ്ധിക്കു കോപ്പുള്ളവൻ ഈ കാനൽ ജലം നോക്കിപ്പോയാലത്തെ നഷ്ടം അവനെ കാത്തിരിക്കുന്ന സാക്ഷാൽ മരുപ്പച്ച പിറകെ വരുന്ന വല്ലവരും എന്നേക്കുമായി കൈയടക്കിക്കളയും എന്നതത്രെ.

ഈ നൂറ്റാണ്ടിന്റെ വാണിജ്യവാണിയിൽ പറഞ്ഞാൽ പ്രസിദ്ധി സമ്പത്താണ്; പരസ്യം ബാധ്യതയും.

□

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.